കവിത

# മരക്കുതിരകള്‍

● അന്‍വര്‍ പാലേരി

രാത്രിയില്‍
നാടുകടത്തപ്പെട്ടവന്റെ കരുതലോടെ
അസമയത്ത് കയറിച്ചെല്ലുന്ന വീട്
രണ്ട് കതകുകള്‍ക്കപ്പുറത്ത്
നിന്നെ അന്യനാക്കും
നിന്റേതായി അവിടെ ഒന്നുമില്ല
കുഞ്ഞുന്നാളു മുതല്‍ നീ മുഖം
നോക്കിയിരുന്ന
പഴയ കണ്ണാടി പോലും...

നിനക്കു കാണാം
അന്നുകണ്ട അതേ വൃത്തിയിലും വെടു
പ്പിലും
നന്നായി വിരിച്ചിട്ട നിന്റെ ശയ്യ
ഒന്നും ക്രമം തെറ്റിയിട്ടില്ല
കീഴ്മേല്‍ മറിഞ്ഞിട്ടില്ല
കുളിക്കാത്ത നിന്റെ തലമുടിയില്‍
പേന്‍നുള്ളിപ്പൊട്ടിച്ച
അമ്മവിരലിലെ ചോര മതി
നിന്റെ കിടക്കയുടെ ഓരോ ഇഞ്ചിലും
ചോര പുരണ്ട ഒരു വെട്ടുകത്തിക്കായി
അവര്‍ മണം പിടിക്കും

പേറ്റുമണമുള്ള വീടിന്റെ പഴയ ഗന്ധം
നീ ശ്വാസത്തില്‍ വലിച്ചെടുക്കുന്നു
നിനക്കു കാണാം,
പുലിപാര്‍ത്ത കല്‍മടയായി
അതിര്‍ത്തിയിലേക്കു വലിച്ചെറിയുന്ന
ഗര്‍ഭപാത്രങ്ങള്‍.
ഉറങ്ങുന്ന കട്ടിലുകള്‍ക്ക് കേള്‍ക്കാനാ
വില്ല
ശവമഞ്ചത്തിലെ പ്രാര്‍ഥനകള്‍
സ്വന്തം രൂപം വെളിപ്പെടുത്താനാവാതെ
ചിലര്‍ ഇരുട്ടിലേക്കും
മറ്റു ചിലര്‍ നക്ഷത്രങ്ങളിലേക്കും
പിന്‍വാങ്ങുന്നു.

നായാടികള്‍ തിരിച്ചുപോയാലും
സംശയത്തിന്റെ നിഴലുവീണ കുഞ്ഞി
ക്കോണുകള്‍
എന്നും പച്ചയായിരിക്കും
കുഞ്ഞുങ്ങളുടേതു മാതിരിയുള്ള
നിന്റെ പുഞ്ചിരികളും
പച്ചയായിരിക്കും
ഇരുട്ടുമുറിയിലും
ശവപ്പറമ്പിലും
നിന്റെ നിറം
പച്ചയായിരിക്കും.

മൂക്കുകൊണ്ട്
നിന്റെ ഭൂതവും വര്‍ത്തമാനവും വായി
ക്കുന്ന
മരക്കുതിരകള്‍ക്ക്
മറ്റൊരു നിറത്തിലും
നിന്റെ ശവക്കച്ച തുന്നാനാവില്ല ●